പ്രസ്തുത യാത്രകൾകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ അനുബന്ധം-2* ആയും ചെലവ് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3* ആയും ചേർക്കുന്നു. 24-11-2019 മുതൽ 4-12-2019 വരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജപ്പാൻ, കൊറിയ സന്ദർശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് 81,302 രൂപയും വ്യവസായ വകുപ്പുമന്ത്രിക്ക് 77,220 രൂപയും ഗതാഗത വകുപ്പുമന്ത്രിക്ക് 72,000 രൂപയും ദിനബത്തയിനത്തിൽ അനുവദിച്ച് നൽകിയിരുന്നു.

മന്ത്രിസഭാംഗങ്ങളുടെ വിദേശയാത്ര

10 (3035) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈയിനത്തിൽ സംസ്ഥാന ഖജനാവിൽനിന്ന് എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഈ യാത്രകളിൽ എത്ര എണ്ണം കുടുംബസമേതം നടത്തിയതാണെന്നും എത്ര എണ്ണം ഔദ്യോഗിക ആവശ്യത്തിനായി നടത്തിയതാണെന്നും അറിയിക്കുമോ?

(എ-സി) 2016 ജൂൺ മാസം മുതൽ മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.* പ്രസ്തുത യാത്രകളുടെ ചെലവ് സംബന്ധിച്ച് സർക്കാരിൽനിന്നും പ്രതിപൂരണം ചെയ്തനൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയും ചേർക്കുന്നു.*

സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിനുള്ള നടപടികൾ

11 (3037) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/മിന്നൽ പരിശോധന/

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly